**COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028
E-mail. admin @cochindevaswomboard.org

No.A9.11800/18 Dated: 08/10/2024

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത്.

കൊച്ചിൻ ദേവസ്വം ബോർഡ് വക ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിലേക്ക് പൂജിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ 999 പ്യൂരിറ്റിയിലുള്ള 600 മില്ലിഗ്രാം തൂക്കം വരുന്ന കുഴ അടക്കമുള്ള വെള്ളി ഏലസ്സുകൾ (സൈഡിൽ കുഴൽ രൂപത്തിലുള്ള അടപ്പോടുകൂടിയത്) ഏറ്റവും കുറഞ്ഞ നിരക്കിൽ ചോറ്റാനിക്കര ദേവസ്വത്തിൽ എത്തിച്ചു നൽകുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

സീൽ ചെയ്ത ടെണ്ടറുകൾ 2024 ഒക്ടോബർ 18-ാം തിയ്യതി ഉച്ചക്ക് ശേഷം 3 മണിക്ക് മുമ്പ് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം ഉച്ചക്ക് ശേഷം 3.30 ന് ടെണ്ടർ തുറന്ന് പരിശോധിക്കുന്നതാണ്.

999 പ്യൂരിറ്റിയിലുള്ള വെള്ളി ഏലസ്സുകൾ 600 മില്ലിഗ്രാം തൂക്കത്തിൽ ദേവസ്വം നിബന്ധനകൾക്ക് അനുസൃതമായി ഏറ്റവും കുറഞ്ഞ നിരക്കിൽ ദേവസ്വത്തിന് ഗുണകരമായ രീതിയിൽ എത്തിച്ചു തരുന്നവരുടെ പേരിൽ 16/11/2024 മുതൽ 16/11/2025 കൂടിയ കാലയളവിലേക്ക് ടി അവകാശം നിജപ്പെടുത്തി നൽകുന്നതാണ്.

ഏലസ്സ് ഗുണനിലവാരമുള്ള 999 പ്യൂരിറ്റിയിൽ നിർമ്മിച്ച് ടെണ്ടറുകാരന്റെ സ്വന്തം ചെലവിൽ ചോറ്റാനിക്കര ക്ഷേത്രത്തിലേക്ക് എത്തിക്കേണ്ടതാകുന്നു. ഗുണനിലവാരവും തൂക്കവും വകുപ്പിലെ ബന്ധപ്പെട്ട അപ്രൈസർമാർ പരിശോധിക്കുന്നതുമായിരിക്കും. മേൽപ്രകാരമുള്ള ഇനങ്ങളിൽ കേടു വന്നതും ഉപയോഗിക്കാൻ പറ്റാത്തതുമായ ഇനങ്ങൾക്കു പകരം നല്ലത് എത്തിച്ചു നൽകേണ്ടതാണ്. ടെണ്ടറിനോടൊപ്പം 1,00,000/- രൂപയുടെ ഡി.ഡി. ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ എന്ന പേരിൽ സീൽ ചെയ്ത കവറുകളിൽ അടക്കം ചെയ്യേണ്ടതാണ്.

ടെണ്ടറുകൾ ദേവസ്വത്തിന് ഗുണകരമല്ലാത്തപക്ഷം ആയത് നിരസിക്കുന്നതിനുള്ള അവകാശം താഴെ ഒപ്പിടുന്ന ആൾക്ക് ഉണ്ടായിരിക്കുന്നതാണ്.

ടെണ്ടർ ഉറപ്പിക്കുന്ന വ്യക്തിയുടെ നിരതദ്രവ്യ സംഖ്യ 16/11/2025 നു ശേഷം ടിയാന് ബാധ്യതകൾ ഒന്നുംതന്നെ ഇല്ലായെന്ന് ഉറപ്പു വരുത്തിയ ശേഷം തിരികെ നൽകുന്നതായിരിക്കും. ഏലസ്സ് ദേവസ്വം ആവശ്യപ്പെടുന്നതനുസരിച്ച് എത്തിച്ചു നൽകേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദ് ചെയ്ത് നിരതദ്രവ്യ സംഖ്യ ദേവസ്വത്തിലേക്ക് മുതൽകൂട്ടുന്നതും, വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതുമായിരിക്കും. ടെണ്ടറുകാരൻ സപ്ലൈ ചെയ്യുന്ന ഏലസ്സുകളിൽ പ്യൂരിറ്റി കുറവ് കണ്ടെത്തിയാൽ ആയതു മാറ്റി കൃത്യമായ പ്യൂരിറ്റി ഉള്ള ഏലസ്സ് സപ്ലൈ ചെയ്യാനും അതിനു പുറമെ ദേവസ്വം നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകുന്നതിനും കരാറുകാരന് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

ഏലസ്സിന്റെ മാതൃകയും പരസ്യത്തെ കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ചോറ്റാനിക്കര അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, ചോറ്റാനിക്കര ദേവസ്വം ഓഫീസ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിസമയങ്ങളിൽ അന്വേഷിച്ചാൽ